**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 444** **08-06-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2021 വർഷത്തോടെ ജലവൈദ്യുത പദ്ധതികളിൽ നിന്നും 500 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുമെന്ന 2016-ലെ എൽ. ഡി. എഫ് പ്രകടന പത്രികയിലെ വാഗ്ദാനം പൂർണ്ണമായ തോതിൽ പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | 2016 മുതൽ 2021 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ എത്ര മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികളാണ് സംസ്ഥാനത്ത് കമ്മീഷൻ ചെയ്തതെന്ന് അറിയിക്കുമോ; | (ബി) | 2016 മുതൽ 2021 വരെയുള്ള അഞ്ച് വർഷകാലയളവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജല വൈദ്യുത പദ്ധതികളായ വെള്ളത്തൂവൽ (3.6 MW), പെരുന്തേനരുവി (6 MW), കക്കയം (3 MW) എന്നീ പദ്ധതികളെ പൂർത്തീകരിച്ച് ആകെ 12.6 MW വൈദ്യുതി ഉൽപാദിപ്പിക്കുവാൻ സാധിച്ചു. |
| (സി) | പ്രസ്തുത കാലയളവിൽ നിർമ്മാണം ആരംഭിച്ചതും എന്നാൽ ഇതിനകം കമ്മീഷൻ ചെയ്യാത്തതുമായ ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; അവ എന്നത്തേക്ക് കമ്മീഷൻ ചെയ്യുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത കാലയളവിൽ ആരംഭിച്ച് ഉദ്ഘാടനം ചെയ്ത പദ്ധതികൾ ഒന്നും തന്നെ ഇല്ല. ഈ കാലയളവിൽ തുടക്കം കുറിച്ച് പണി പുരോഗമിച്ചു വരുന്ന ജല വൈദ്യുത പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | പദ്ധതി | നിലവിലെ സ്ഥിതി | കമ്മിഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന തീയതി |
|---|---|---|---|
| **1** | അപ്പർ കല്ലാർ (2 MW) | പണി പുരോഗമിക്കുന്നു | 30.06. 2021 |
| **2** | പഴശ്ശി സാഗർ (7.5 MW) | പണി പുരോഗമിക്കുന്നു | 10.02. 2023 |
| **3** | ചിന്നാർ (24 MW) | പണി പുരോഗമിക്കുന്നു | 05.04. 2022 |
| **4** | പെരുവണ്ണാമുഴി (6 MW) | പണി പുരോഗമിക്കുന്നു | 10.08. 2022 |

SD/-

സെക്ഷൻ ഓഫീസർ